(സി) ഇവരിൽ കൃഷി അവസാനിപ്പിച്ചുവെന്ന് ബോധ്യപ്പെട്ടതുമൂലവും വൈദ്യുതി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് കണ്ടെത്തിയതുമൂലവും കണക്ഷൻ വിച്ഛേദനം പിഴ ഈടാക്കിയതുമായ എത്ര കേസുകൾ സംസ്ഥാനത്താകമാനം ഉണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 102,35,49,980-രൂപ അടച്ചിട്ടുണ്ട്.

(ബി) ചേർത്തല താലൂക്കിലെ കാർഷിക കണക്ഷനുകളുടെ എണ്ണം 6013 ആണ്. കൃഷിവകുപ്പിൽനിന്നുള്ള അനുമതി ലഭിച്ചതിനുശേഷമാണ് കാർഷിക കണക്ഷനുകൾ നൽകുന്നത്. കാർഷിക കണക്ഷനുകൾ എടുത്തവർ വൈദ്യുതി ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥരും പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. കൃഷി ആവശ്യത്തിന് ഉപയോഗിക്കാത്തതായി ശ്രദ്ധയിൽപ്പെടുന്ന കണക്ഷനുകളുടെ വിവരങ്ങൾ ശേഖരിക്കുകയും അതാത് കൃഷി ഓഫീസുകളിൽ അറിയിക്കുകയും കണക്ഷൻ വിച്ഛേദിക്കൽ അടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) 640 കേസുകൾ.

ശബരി റെയിൽപ്പാത

72 (4654) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽ പദ്ധതികളുടെ പങ്കുചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ശബരി പാത പ്രഖ്യാപിച്ചത് എന്നാണ് ; എത്ര കോടിയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത് ; ഇതിനായി റെയിൽവേ ഇതിനകം എത്ര കോടി ചെലവഴിച്ചു ; ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ശബരി പാത എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തികസ്ഥിതി പരിഗണിച്ച് ഏറ്റെടുക്കാൻ കഴിയുകയില്ലെന്ന് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിന് റെയിൽവേ ബോർഡിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

(ബി) 1997-98-ൽ പദ്ധതി പ്രഖ്യാപിച്ച സമയത്ത് 550 കോടി രൂപയായിരുന്ന നിർമ്മാണ ചെലവ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത് 1566 കോടി രൂപയാകുമെന്ന് കരുതുന്നു. 169.82 കോടി രൂപ ഇതുവരെ റെയിൽവേ ചെലവഴിച്ചിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ റെയിലിടൽ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കുകുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതയ്ക്കുവേണ്ടി കൈമാറിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്ക് റെയിൽവേ പ്രത്യേകിച്ച് ടാർജറ്റ് ഒന്നും നിശ്ചയിച്ചിട്ടില്ല. എന്നാൽ യഥാസമയം ആവശ്യമായ ഫണ്ട് ലഭ്യമാകാത്തതിനാൽ പണിയുടെ പുരോഗതിയെ ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ശബരി പാത എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് പറയുവാൻ നിർവ്വാഹമില്ല. കൂടാതെ, അങ്കമാലി - ശബരി റെയിൽവേ ലൈൻ പ്രാവർത്തികമാക്കുകയെന്ന സംസ്ഥാനത്തിന്റെ ആവശ്യം പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തെ എം.പി.-മാർ മുഖേനയും കേന്ദ്ര സർക്കാരിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തി വരികയാണ്.

ശബരി റെയിൽപ്പാത

73 (4655) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിൽപ്പാതയ്ക്കായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ആദ്യ സർവ്വേ നടത്തുന്ന സമയത്ത് പദ്ധതിയുടെ ചെലവ് എത്രയെന്നാണ് കണക്കാക്കിയിരുന്നത് ;

(സി) ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത് എത്രയാകുമെന്നാണ് കരുതുന്നത് ?